# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3250** **11.05.2017-ൽ മറുപടിയ്ക്ക്**

## ലോട്ടറി സമ്മാനഘടനയിൽ മാറ്റം

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.സി. ദിവാകരൻ</th><th colspan="2">മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>നോട്ട് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;</td><td>(എ)</td><td>പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച 2016 നവംബർ 8-ന് ശേഷം 2017 മാർച്ച് വരെ ലോട്ടറി വിൽപ്പനയിലുണ്ടായ കുറവ് നിമിത്തം ഭാഗ്യക്കുറി വകുപ്പിന് ഏകദേശം 1048.17 കോടി രൂപയുടെ റവന്യൂ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><table><tr><th>മാസം</th><th>പ്രതീക്ഷിച്ച വരുമാനം (കോടി രൂപയിൽ)</th><th>ലഭിച്ച വരുമാനം (കോടി രൂപയിൽ)</th><th>വരുമാന നഷ്ടം (കോടി രൂപയിൽ)</th></tr><tr><td>നവംബർ 2016</td><td>740.00</td><td>372.70</td><td>367.30</td></tr><tr><td>ഡിസംബർ 2016</td><td>743.00</td><td>521.46</td><td>221.54</td></tr><tr><td>ജനുവരി 2017</td><td>745.00</td><td>564.74</td><td>180.26</td></tr><tr><td>ഫെബ്രുവരി 2017</td><td>745.00</td><td>568.94</td><td>176.06</td></tr><tr><td>മാർച്ച് 2017</td><td>750.00</td><td>646.99</td><td>103.01</td></tr><tr><td>ആകെ</td><td>3723</td><td>2674.83</td><td>1048.17</td></tr></table></td></tr>
<tr><td>(ബി)</td><td>കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;</td><td>(ബി)</td><td>50/- രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ മുഖവില കൂടി 30/- രൂപയാക്കി കുറച്ച് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) മുഖവില 30/- രൂപയാക്കി ഏകീകരിച്ചുകൊണ്ട് സമ്മാനഘടനകൾ പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | ലോട്ടറി സമ്മാനഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) മുഖവില 30/- രൂപയാക്കി നിജപ്പെടുത്തിയും സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന ശതമാനത്തിലും വർദ്ധനവ് വരുത്തിക്കൊണ്ടും ഏജന്റുമാർക്ക് മൂന്ന് സ്ലാബുകളിലായി ഡിസ്കൗണ്ട് അനുവദിച്ചുകൊണ്ടും സമ്മാനഘടനകൾ പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. |

Teyd

**സെക്ഷൻ ഓഫീസർ.**